**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി കെ പ്രശാന്ത്** | | **Smt. K. K .Shailaja Teacher (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | നിർമ്മാണം പൂർത്തിയായിട്ടുള്ള പേരൂർക്കട ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | പേരൂർക്കട ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നതിനായുള്ള ഉപകരണങ്ങളിൽ സ്റ്റെതസ്കോപ്പ്, ബി.പി. അപ്പാരറ്റസ്, ഓക്സിജൻ സിലിണ്ടർ എന്നിവ 14.01.2021 നകം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി യൂണിറ്റിലേക്കാവശ്യമായ റഫ്രിജറേറ്റർ വിതരണം ചെയ്യുന്നതിനുള്ള പുനഃദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. 2021 ജനുവരി അവസാന ആഴ്ചയിൽ ടി ഉപകരണം വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നിരവധിപേർക്ക് സഹായകമായ ഈ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | പേരൂർക്കട ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നതിനായുള്ള ഉപകരണങ്ങളിൽ സ്റ്റെതസ്കോപ്പ്, ബി.പി. അപ്പാരറ്റസ്, ഓക്സിജൻ സിലിണ്ടർ എന്നിവ 14.01.2021 നകം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി യൂണിറ്റിലേക്കാവശ്യമായ റഫ്രിജറേറ്റർ വിതരണം ചെയ്യുന്നതിനുള്ള പുനഃദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. 2021 ജനുവരി അവസാന ആഴ്ചയിൽ ടി ഉപകരണം വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പേരൂർക്കട ജില്ലാ ആശുപത്രിയിലെ പുതിയ മന്ദിരത്തിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; | (സി) | പുതിയ മന്ദിരത്തിന്റെ ഒന്നാം നിലയുടെ സ്ട്രക്ചർ വർക്കുകൾ പൂർത്തിയാക്കുകയും ബ്ലോക്ക് വർക്കുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ നിർമ്മാണം മൂലം എത്ര സ്ക്വയർ മീറ്റർ കെട്ടിടമാണ് ആശുപത്രിയ്ക്ക് ലഭ്യമാവുക; | (ഡി) | 3596 സ്ക്വയർ മീറ്റർ |
| (ഇ) | ഈ പുതിയ കെട്ടിടത്തിൽ എന്തൊക്കെ അധിക സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്? | (ഇ) | പുതിയ മന്ദിരത്തിന്റെ അധിക സൗകര്യങ്ങൾ താഴെ കൊടുക്കുന്നു. 1. മെയിൽ, ഫീമെയിൽ സർജിക്കൽ വാർഡ് 2. സർജിക്കൽ ഐ.സി.യു 3. മെഡിക്കൽ ഐ.സി.യു 4. റിക്കവറി റൂം 5. പോസ്റ്റ് ഓപ്പറേറ്റീവ് |

| | | | |
|---|---|---|---|
| | | | വാർഡ് 6. ഓപ്പറേഷൻ തീയറ്റർ 7. എമർജൻസി ഓപ്പറേഷൻ തീയറ്റർ |

സെക്ഷൻ ഓഫീസർ